

# എമ്മാവൂസ് വചനദൂത്

## ഏലിയാ സ്ലീവാ മൂശാക്കാലം (9-ാം ഞായർ)

(മത്തായി 8:25-34, ഗലാ 6:1-10, ഏശയ്യാ 41:8-16, നിയമാ 13:12-18)

ബ്ര. ജോർജ്ജി കൈതപ്പറമ്പിൽ

Vol.9 Issue 22

**ഈ**ശോമിശിഹായുടെ പുനരാഗമനത്തെയും അന്ത്യവിധിയിയെയും കുറിച്ച് ധ്യാനിച്ചു കൊണ്ട് ജീവിതത്തെ പ്രത്യാശാപൂർവ്വം കരുപ്പിടിപ്പിക്കുവാൻ സഭാമാതാവ് തന്റെ മക്കളെ ആഹ്വാനം ചെയ്യുന്നു. ഏലിയാ-സ്ലീവാ-മൂശാക്കാലത്തിന്റെ അവസാന ആഴ്ചയിലേയ്ക്ക് നാം പ്രവേശിക്കുമ്പോൾ ഇന്ന് വിചിന്തനം ചെയ്യുന്ന നാല് തിരുവചന വായനകളിലേയ്ക്ക് നമ്മുടെ മനസ്സുകളെ തിരിക്കാം.

നിയമാവർത്തന പുസ്തകം 13:12-18 വരെയുള്ള ഭാഗങ്ങളിലൂടെ കടന്നുപോകുമ്പോൾ നമുക്ക് മനസ്സിലാകും നിയമാവർത്തന ഗ്രന്ഥത്തിന്റെ ദൈവശാസ്ത്രത്തിൽ ഏകദൈവവിശ്വാസത്തിന് ഏറെ സ്ഥാനമുണ്ടെന്ന്. അക്കാരണം കൊണ്ടുതന്നെ മറ്റ് ദൈവങ്ങളെയോ വിഗ്രഹങ്ങളെയോ ആരാധിക്കുക എന്നത് കർശനമായി നിരോധിക്കപ്പെട്ട യാഥാർത്ഥ്യമാണ്. അതിനുള്ള പ്രേരണ നൽകുന്ന സാഹചര്യങ്ങളെപ്പോലും (നഗരങ്ങൾ പോലും) നശിപ്പിച്ചു കളയുവാനുള്ള ആഹ്വാനത്തിലൂടെ, ദൈവം തന്റെ ജനത്തിൽ നിന്നും പ്രതീക്ഷിക്കുന്നത് തന്റെ വചനം ശ്രവിക്കുകയും നിയമങ്ങളെ കൃത്യമായി പാലിക്കുകയും നന്മ ചെയ്യുകയും ചെയ്യുന്ന വിശുദ്ധമായ ഒരു ജനത്തെയാണ്. യഥാർത്ഥ ദൈവത്തിലുള്ള വിശ്വാസമാണ് മനുഷ്യന് നന്മയും സ്വാതന്ത്ര്യവും നിർഭയത്വവും ഉറപ്പാക്കുന്നത്. എന്നാൽ മനുഷ്യർ ഇക്കാര്യം മറന്ന് അന്യദൈവങ്ങളുടെ പിറകെ പോകുന്നതും അന്ധവിശ്വാസങ്ങളിൽ അകപ്പെടുന്നതും ഈ ആധുനിക കാലഘട്ടത്തിലെന്നതു പോലെ അന്നത്തെ കാലഘട്ടത്തിലും നമുക്ക് കാണുവാൻ സാധിക്കും. മനുഷ്യന്റെ ഈ തെറ്റായ വഴി നാശത്തിലേയ്ക്ക് അവനെ നയിക്കും എന്ന സത്യമാണ് ഒന്നാമത്തെ വചനം നമ്മെ ഓർമ്മപ്പെടുത്തുന്നത്.

രണ്ടാം വായനയിലേയ്ക്ക് കടക്കുമ്പോൾ 40 സംവത്സരങ്ങൾ നീണ്ടുനിന്ന ബാബിലോണിയൻ അടിമത്വത്തിൽ നിന്ന് മോചിതരായ ഇസ്രായേൽ ജനത്തിന് ദൈവം നൽകുന്ന സാന്ത്വനവചനങ്ങളാണ് പ്രവാചകനിലൂടെ നാം വായിച്ചു കേട്ടത്. എശയ്യാ-പ്രതീക്ഷയുടെ പ്രവാചകനാണ്. ദൈവം ഇസ്രായേലിന്റെ കൂടെ സദാ സന്നിഹിതനാണെന്നും അവിടുന്നാണ് യഥാർത്ഥസുരക്ഷിതത്വം നമുക്ക് പ്രദാനം ചെയ്യുന്നത് എന്നുമുള്ള സന്ദേശമാണ് ദൈവജനത്തിന് പ്രവാചകൻ നൽകുന്നത്. ഇസ്രായേൽ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമാണ്. അതിനാൽ അവർ ഒരിക്കലും

ഭയത്തിന് അടിമപ്പെടാൻ പാടില്ല. ദൈവം കൂടെയുണ്ട് എന്ന ഉറപ്പിന്റെ അടിസ്ഥാനത്തിൽ അവർ ഭയരഹിതരായിരിക്കണം. അവിടുന്ന് മരുഭൂമിയെ ജലാശയമായും ഉദ്യാനമായും മാറ്റും. ഇത്തരം അത്ഭുതകരമായ അനുഭവങ്ങൾ ഉണ്ടാകുമ്പോൾ തങ്ങൾക്കായി പ്രവർത്തിക്കുന്ന– തങ്ങളെ തിരഞ്ഞെടുത്ത ദൈവത്തെ, ജനം അംഗീകരിക്കും എന്ന പ്രതീക്ഷയാണ് പ്രവാചകൻ നൽകുന്നത്. യഹൂദരല്ലാത്ത ക്രിസ്ത്യാനികൾ മാത്രം അടങ്ങിയതായിരുന്നു ഗലാത്തിയായിലെ സഭ. വി. പൗലോസ് ഗലാത്തിയ വിട്ടശേഷം യഹൂദക്രിസ്ത്യാനികൾ അവിടെ ചെന്ന് അബദ്ധപ്രബോധനങ്ങൾ വഴി സഭയിൽ ആശയക്കുഴപ്പമുണ്ടാക്കി. ഈ പശ്ചാത്തലത്തിൽ തെറ്റിലകപ്പെട്ടു പോയവരെ വീണ്ടെടുക്കുന്ന കാര്യമാണ് അപ്പസ്തോലൻ പരാമർശിക്കുന്നത്. ക്രിസ്തുവിലായിരിക്കുന്നവൻ അരൂപിക്കടുത്ത ജീവിതം നയിക്കണം. പരസ്പരം തിരുത്തുമ്പോഴും സഹായിക്കുമ്പോഴും നാം അരൂപിക്കടുത്ത ജീവിതമാണ് നയിക്കുന്നത്. അരൂപിയുടെ പ്രവർത്തനത്തിനു കീഴിൽ നന്മ ചെയ്യുന്ന – വചനം ജീവിക്കുന്ന – പങ്കുവയ്ക്കലിന്റെ പ്രതിബദ്ധതയുള്ള ദൈവമക്കളുടെ കുടുംബമാകാൻ അപ്പസ്തോലൻ നമ്മെ ഉപദേശിക്കുന്നു.

ഇപ്രകാരം പഴയനിയമലേഖനങ്ങളുടെ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് ഇന്നത്തെ സുവിശേഷ ഭാഗങ്ങളിലേയ്ക്ക് കടക്കുമ്പോൾ നമുക്ക് കാണുവാൻ സാധിക്കും, ഇന്ന് നാം വായിച്ചു കേട്ട മത്തായിയുടെ സുവിശേഷത്തിലെ 8–ാം അധ്യായം അത്ഭുതവിവരണങ്ങളുടെ ഒരു കലവറയാണ് എന്നത്. അതിൽ കൊടുങ്കാറ്റിനെ ശമിപ്പിക്കുന്നതും ഗദറായിലെ പിശാച് ബാധിതരെ വിമോചിപ്പിക്കുന്നതുമായ സംഭവങ്ങളാണ് ഇന്നത്തെ സുവിശേഷത്തിനാധാരം. പ്രകൃതിശക്തികളുടെ മേലും ദുഷ്ടാരൂപികളുടെ മേലും അധികാരമുള്ളവനാണ് യേശുനാഥൻ എന്ന് വചനം നമ്മെ ഓർമ്മപ്പെടുത്തുന്നു. കൊടുങ്കാറ്റിനെ ശാന്തമാക്കുന്ന ആദ്യാത്ഭുതത്തിന് പശ്ചാത്തലമൊരുക്കുന്നത് – ശിഷ്യൻ സമ്പൂർണ്ണസമർപ്പണത്തിന് തയ്യാറാകണമെന്ന ആഹ്വാനത്തോടെയാണ്. യേശുവിനെ തോണിയിൽ അനുഗമിക്കുവാൻ ജീവിതത്തെ അപകടത്തിലാക്കിക്കൊണ്ട് യേശുവിനോടൊപ്പം ജീവിതത്തിന്റെ കൊടുങ്കാറ്റിലേക്കിറങ്ങുവാൻ സന്നദ്ധനാകണം. മറിച്ച്, താൻ നേരിടേണ്ടി വരുന്ന പ്രതിസന്ധികളാകുന്ന കൊടുങ്കാറ്റിൽ നിന്നും രക്ഷിക്കണം എന്നപേക്ഷിക്കുന്ന ശിഷ്യൻ അൽപവിശ്വാസിയാണ്. വിശ്വസിക്കുന്നവരെങ്കിലും പ്രതിസന്ധിഘട്ടം തരണം ചെയ്യാൻ ശക്തരല്ലാത്തവർ തന്റെ സാന്നിധ്യത്തിലും ശക്തിയിലും യഥാർത്ഥമായ ബോധ്യമില്ലാത്തവരെ പോലെ പെരുമാറിയതിനാണ് യേശു അവരെ ശാസിക്കുന്നത്. യഥാർത്ഥത്തിൽ കാറ്റും കടലും പോലും അനുസരിക്കുന്ന യേശുവിന്റെ ശക്തിയെക്കുറിച്ച് ധ്യാനിക്കുവാനും അവിടുന്നിൽ വിശ്വസിക്കുവാനുമുള്ള ക്ഷണമാണ് വചനം ഇന്ന് നമുക്ക് നൽകുന്നത്.

യേശുവിന്റെ വഞ്ചിയിൽ കയറി അവിടുത്തെ അനുഗമിക്കുന്ന ശിഷ്യർ ശിഷ്യത്വത്തിന്റെ സമർപ്പണബുദ്ധി കൈമുതലായി കരുതണം. തങ്ങളുടെ മധ്യേ വസിക്കുന്ന യേശുവിൽ വിശ്വസിക്കുകയും സൃഷ്ടിയുടെ മേലുള്ള അവിടുത്തെ ആധിപത്യം തിരിച്ചറിയുകയും ചെയ്യുക എന്നതും അവന്റെ കടമയാണ്. കൂടാതെ ക്രൈസ്തവജീവിതമെന്നത് അപകടങ്ങളിൽ നിന്നും രക്ഷപെട്ട് ഓടുന്നവരുടെ സമൂഹമല്ല. അപകടങ്ങളെയും പ്രതിസന്ധികളെയും ക്രിസ്തുസാന്നിധ്യത്തിന്റെ ശക്തി ഉപയോഗിച്ച് തരണം ചെയ്ത് മുന്നേറുന്നവരുടെ സമൂഹമാണെന്ന ഓർമ്മപ്പെടുത്തലും ഇന്നത്തെ വചനം നമുക്ക് നൽകുന്നുണ്ട്.

ഗദറായിലെ പിശാചുബാധിതരെ സുഖപ്പെടുത്തുന്നതു വഴി തിന്മയുടെ ശക്തികളിന്മേലുള്ള യേശുവിന്റെ അധികാരമാണ് വ്യക്തമാക്കപ്പെടുന്നത്. യേശുസാന്നിധ്യം ജീവിതത്തെ സുഖപ്പെടുത്തും, രൂപാന്തരീകരിക്കും. എന്നാൽ ഗദാറായിലെ ജനം ഈ അത്ഭുതത്തിലുള്ള ദൈവത്തിന്റെ കരം തിരിച്ചറിയാതെ തങ്ങൾക്കുണ്ടായ ലൗകികനഷ്ടത്തെക്കുറിച്ച് മാത്രം ചിന്തിക്കുകയും യേശു നൽകുന്ന രക്ഷയെ താൽക്കാലിക നഷ്ടങ്ങളുമായി താദാത്മ്യപ്പെടുത്തുകയും ചെയ്യുന്നത് ഒരിക്കലും ഒരു ക്രിസ്ത്യാനിയുടെയും ജീവിതത്തിന് ചേർന്നതല്ല എന്ന ഓർമ്മപ്പെടുത്തലും വചനം നൽകുന്നുണ്ട്. തിന്മയുടെ ശക്തി എത്ര വലുതായാലും, തിന്മ ചെയ്യുന്നവരുടെ എണ്ണം എത്ര കൂടിയാലും സത്യത്തിനും ദൈവരാജ്യപ്രഘോഷണത്തിനുമായി നമുക്കുള്ള ചുമതലയിൽ നിന്ന് നാം പിന്മാറരുതെന്ന് യേശുനാഥൻ നമ്മെ ഓർമ്മിപ്പിക്കുന്നു.

ക്രിസ്തുവിന്റെ പുനരാഗമനത്തെയും അന്ത്യവിധിയെയും ധ്യാനവിഷയമാക്കുന്ന ഈ കാലഘട്ടത്തിൽ സ്വർഗ്ഗരാജ്യം ലക്ഷ്യമാക്കിയുള്ള നമ്മുടെ യാത്രയിൽ ഉണർവ്വുള്ള വിശ്വാസവും, അവിടുത്തെ ഉണർത്തുന്ന പ്രാർത്ഥനയും, തിന്മകളെ അകറ്റുന്ന വിശുദ്ധിയും കൈമുതലാക്കാൻ നമുക്ക് സാധിക്കട്ടെ. അതിനുള്ള കൃപ ദൈവം നമുക്ക് നൽകി എല്ലാവരെയും അനുഗ്രഹിക്കട്ടെ.

ആമേൻ.